**പതിനാലാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : **3890**

12.12.2018 ൽ
മറുപടിയ്ക്ക്

**ജനമൈത്രി പോലീസ്**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ടി.എ.അഹമ്മദ് കബീർ | പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) ജനമൈത്രി പോലീസിന്റെ ഉദ്ദേശ്യങ്ങളും ലക്ഷ്യങ്ങളും എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | എ) ജനമൈത്രി പോലീസിംഗ് എന്ന് ഉദ്ദേശിക്കുന്നത് ജനങ്ങളെ പൂർണ്ണമായും ഉൾക്കൊണ്ടും പങ്കെടുപ്പിച്ചും നടത്തുന്ന പോലീസിംഗ് സമ്പ്രദായമാണ്. തന്മൂലം ജനങ്ങൾക്ക് പോലീസിനോടുള്ള മനോഭാവത്തിന് ഗുണപരമായ മാറ്റം വന്നിട്ടുണ്ട്. ജനമൈത്രി പോലീസിംഗിന്റെ ഭാഗമായുള്ള ഭവനസന്ദർശനവും, ജനമൈത്രി സുരക്ഷാസമിതിയും ജനങ്ങളുടെ പ്രശ്നങ്ങളിലേയ്ക്കും ആവലാതികളിലേയ്ക്കും നേരിട്ട് ഇറങ്ങിച്ചെല്ലാൻ സഹായിക്കുന്നു.<br>അഴിമതി ചെറുക്കൽ, തുല്യ പരിഗണന ലഭ്യത, നീതി ഉറപ്പാക്കൽ, സുരക്ഷിതത്വബോധം, നിയമസാക്ഷരത, പൊതുജന പങ്കാളിത്തത്തോടെ കുറ്റകൃത്യങ്ങൾ കുറയ്ക്കുക, മതേതര സംരക്ഷണ ഇടപെടൽ എന്നിവയെല്ലാം സ്വാഭാവികമായിത്തന്നെ ജനമൈത്രി പോലീസിന്റെ ലക്ഷ്യങ്ങളാണ്. ജനമൈത്രി പോലീസിംഗിന്റെ ഭാഗമായ ജനമൈത്രി സുരക്ഷാ സമിതിയിൽ ഉന്നത പോലീസ് ഉദ്യോഗസ്ഥർ, എസ്.എച്ച്.ഒ മാർ, കമ്മ്യൂണിറ്റി റിലേഷൻ ഓഫീസർമാർ, ബീറ്റ് ഓഫീസർമാർ, അസി.ബീറ്റ് ഓഫീസർമാർ, സമൂഹത്തിലെ പൗരപ്രമുഖർ, പൊതുജനങ്ങളിൽ നിന്ന് തിരഞ്ഞെടുത്തവർ എന്നിവർ അംഗങ്ങളാണ്. ഈ കൂട്ടായ്മ അഴിമതി, നീതി നിഷേധം എന്നിവ പോലുള്ള വിഷയങ്ങളെ പരസ്പരം വിലയിരുത്താനും തടയാനും കഴിയും. |

| | | | |
|---|---|---|---|
| (ബി) | ജനമൈത്രി പോലീസിന്റെ ഭാഗമായി റസിഡന്റ്സ് അസോസിയേഷനുകൾ കേന്ദ്രീകരിച്ച് ഭവന സന്ദർശനം, ബോധവൽക്കരണം എന്നിവ നടത്താറുണ്ടോ; | ബി) | നടത്തി വരുന്നുണ്ട്. കമ്മ്യൂണിറ്റി റിലേഷൻ ഓഫീസർ (CRO), Assistant CRO, Beat Officer ബന്ധപ്പെട്ട് പ്രദേശത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പ്രതിനിധികൾ ഉൾപ്പെടെയുള്ള പൊതുപ്രവർത്തകർ എന്നിവർ അടങ്ങിയ സമിതി പൊതുജനങ്ങളുടെ ക്ഷേമവും അവരുടെ പ്രശ്നങ്ങളും പരാതികളും ചോദിച്ചറിഞ്ഞ് അതിന് നടപടി സ്വീകരിക്കുന്നതിന് റെസിഡന്റ്സ് അസ്സോസിയേഷൻ മീറ്റിംഗുകളിലും, വിവിധ വിഷയങ്ങളെ സംബന്ധിച്ചുള്ള ബോധവൽക്കരണ ക്ലാസ്സുകളും നടത്തിവരുന്നുണ്ട്. |
| (സി) | ഇത്തരത്തിൽ ജനസൗഹൃദം നിലനിർത്തുന്നതിന് പോലീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് നടത്തുന്ന പ്രവർത്തനങ്ങൾ വിലയിരുത്തപ്പെടാറുണ്ടോ എന്ന് വ്യക്തമാക്കുമോ? | സി) | വിലയിരുത്താറുണ്ട്. എല്ലാ മാസവും ജനമൈത്രി സി.ആർ.ഒ മാരുടെ ജില്ലാതല യോഗം കൂട്ടുകയും പദ്ധതി പ്രവർത്തനം വിലയിരുത്തുകയും വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ